LIBRARY ARCHIVES Kerala Legislative Assembly

ണ്ടറുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ ഇവർക്ക് ജീവിക്കാൻ മറ്റ് മാർഗ്ഗങ്ങളും വേറെ വരുമാനങ്ങളും ഇല്ല. ഇതെല്ലാം പരിഗണിച്ചുകൊണ്ട് കേന്ദ്രത്തിന്റെ സഹായം പ്രതീക്ഷിക്കുന്നുണ്ട് ആ സഹായം ഉണ്ടാകുമോ ഇല്ലയോ എന്നുള്ള കാര്യം ഇപ്പോൾ വ്യക്തമല്ല. ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള സാക്ഷരതാ നയം അത് സ്ത്രീ സാക്ഷരതയ്ക്ക് ഊന്നൽ കൊടുക്കുന്നതാണ്. അത് നമുക്ക് സ്വാഗതം ചെയ്യാം. പക്ഷേ അതിന് മാനദണ്ഡമായി നിശ്ചയിച്ചിട്ടുള്ളത് സ്ത്രീ സാക്ഷരത ദേശീയ ശരാശരിയെക്കാൾ കുറഞ്ഞ സംസ്ഥാനങ്ങൾക്ക് മാത്രമേ കേന്ദ്ര ഗവൺമെന്റ് പദ്ധതികളിൽ ഉൾപ്പെടാൻ അവസരം ഉള്ളൂവെന്നുള്ളതാണ്. ഇങ്ങനെ വരുമ്പോൾ കേരളത്തിലെ എല്ലാ ജില്ലകളിലും സ്ത്രീ സാക്ഷരത ദേശീയ ശരാശരിയെക്കാൾ ഉയർന്നതാണ്. അതുകൊണ്ട് സാക്ഷരതാ പ്രവർത്തന രംഗത്ത് കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക സഹായം പറ്റുന്നതിൽ നിന്ന് ഒഴിഞ്ഞുമാറുന്ന ഒരു അത്യന്തം ഉത്കണ്ഠാജനകമായ സ്ഥിതിവിശേഷമാണ് ഇപ്പോഴുള്ളത്. ഈ സഭ ഏകകണ്ഠമായി കേന്ദ്ര ഗവൺമെന്റിന്റെ ഈ മാനദണ്ഡം കേരളത്തിന് ദ്രോഹകരമാകാത്ത വിധത്തിൽ പുതുക്കി നിശ്ചയിക്കണം എന്ന് ആവശ്യപ്പെടാൻകൂടി ഈ സന്ദർഭം ഉപയോഗപ്പെടുത്തണം എന്നാണ് എനിക്ക് പറയാനുള്ളത്. സാക്ഷരതാ പ്രേരക്മാരുടെ ഇന്നത്തെ തുച്ഛമായ വരുമാനം അവരുടെ ജീവിതത്തിൽ ഒട്ടും പ്രയോജനപ്രദമല്ല എന്ന് മനസിലാക്കുന്നു. ഈ സഭയിലെ തന്നെ ശ്രീമതി കെ. കെ. ശൈലജ ടീച്ചറുടെ നേതൃത്വത്തിലുള്ള ഒരു കമ്മിറ്റി ഇതാകെ പരിശോധിച്ചിരുന്നു. സാക്ഷരതാ പ്രവർത്തനവും തുല്യതാപഠന പരിപാടിയും എല്ലാം പുനരാവിഷ്കരിച്ച് കേരളത്തിന്റെ അനുഭവ സമ്പത്തുകൂടി ഉൾക്കൊള്ളിച്ചുകൊണ്ട് നടപ്പാക്കാനാണ് നമ്മൾ ഉദ്ദേശിക്കുന്നത്. അതിന്റെ ഭാഗമായി 'സീഡ്' കേരളാ മിഷൻ എന്ന നിലയിൽ പുനർനാമകരണം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. യഥാർത്ഥത്തിൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സാക്ഷരതാ മിഷന്റെ ആദ്യത്തെ ഒരു യോഗം ഇന്ന് ഇത്തരം കാര്യങ്ങൾ ചർച്ച ചെയ്യാൻ പോവുകയാണ്. സഭയിൽ ഈ വിഷയം ഉന്നയിച്ചിരിക്കുന്ന സമയത്ത് ഇന്ന് രഭിച്ചുകൊണ്ടിരിക്കുന്ന തുകയ്ക്ക് പുറമെ ബഡ്ജറ്റിനകത്ത് ഉൾക്കൊള്ളിച്ചിട്ടുള്ള പണം ഉപയോഗിച്ചുകൊണ്ടും സാക്ഷരതാ പ്രേരക്മാർ അവരുടെ പ്രവർത്തനത്തിന് 1,600 രൂപ പ്രതിമാസം അവരുടെ സേവനത്തിന് പ്രതിഫലമായി ഓണറേറിയമായി നൽകുന്നു. 500 രൂപയുടെ വർദ്ധനവാണ് ഇതിലൂടെ ഇപ്പോൾ നടപ്പിലാകുന്നത്. കേന്ദ്ര ഗവൺമെന്റിൽ നിന്ന് കൂടുതൽ സാമ്പത്തികം നേടിയെടുക്കാൻ കഴിയുകയാണെങ്കിൽ അതും സാക്ഷരതാ പ്രവർത്തകർക്ക് ഓണറേറിയമായി നൽകുന്നതാണ് എന്ന് പ്രഖ്യാപിക്കുകയാണ്.

(3) നിലമ്പൂർ ആസാദനമായി മിനി സിവിൽസ്റ്റേഷൻ

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, എന്റെ നിയോജകമണ്ഡലത്തിൽ 1995-ലാണ് ഒരു താലൂക്കുണ്ടായത്. ആ താലൂക്കിൽ പല ആഫീസുകളും പ്രവർത്തിക്കുന്നുണ്ട്. പക്ഷേ അതിനൊന്നും സൗകര്യമില്ല. അവിടെ ഒരു സിവിൽ സ്റ്റേഷനുവേണ്ടി, 1996 മുതൽ ബഡ്ജറ്റിൽ തുക വകയിരുത്തിവരുന്ന

താണ്. പക്ഷേ അതിനുള്ള സഹായം കിട്ടാത്തതാണ് താമസം വന്നത്. ഇപ്പോൾ രണ്ട് വർഷമായി അതിനുള്ള സഹായം കിട്ടിക്കഴിഞ്ഞു. പക്ഷേ അതിന്റെ യാതൊരു പ്രവർത്തനവും തുടങ്ങിയിട്ടില്ല. ഇതൊരു താലൂക്ക് ഹെഡ്ക്വോർട്ടറാണ്. താലൂക്ക് ഹെഡ്ക്വോർട്ടർ അല്ലാത്ത സ്ഥലങ്ങളിൽ സിവിൽ സ്റ്റേഷൻ സ്ഥാപിക്കാനുള്ള നടപടിയെ സ്വാഗതം ചെയ്യുന്നു. എന്നാൽ താലൂക്ക് ഹെഡ്ക്വോർട്ടേഴ്സിനു കൂടി ഒരു പ്രിഫറൻസ് കൊടുത്ത് അത് ചെയ്യാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകണമെന്നാണ് എനിക്ക് പറയാനുള്ളത്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : സർ, ശ്രീ. ആര്യാടൻ മുഹമ്മദ് ഇവിടെ ഉന്നയിച്ച മിനി സിവിൽസ്റ്റേഷന്റെ കാര്യം സഭയിൽ പല തവണ ഉന്നയിച്ചിട്ടുള്ളതാണ്. എത്രയോ നേരത്തെ നിലമ്പൂരിൽ മിനി സിവിൽസ്റ്റേഷൻ വരേണ്ടതായിരുന്നു. അത് ഹോസ്റ്റലുമായി ബന്ധപ്പെട്ട സ്ഥലം തീരുമാനിക്കുന്നതിലുണ്ടായ കാലതാമസമാണ്, അതിനൊരു പരിഹാരമായിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ഭൂമിയാണ് ഇപ്പോൾ സിവിൽ സ്റ്റേഷനുവേണ്ടി കണ്ടെത്തിയിട്ടുള്ളത്. ഭൂമി കൈമാറ്റ നടപടി ജില്ലാ കളക്ടർ വേഗത്തിൽ ചെയ്യുന്നുണ്ട്. ഏറ്റവും വേഗത്തിൽത്തന്നെ അതിൽ തീരുമാനം എടുത്ത് സിവിൽ സ്റ്റേഷൻ യാഥാർത്ഥ്യമാക്കാം.

(4) ഫോട്ടോ പതിച്ച ഐഡന്റിറ്റി കാർഡ്

ശ്രീ. റോഷി അഗസ്റ്റിൻ : സർ, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട് സംബന്ധിച്ചാണ് ഈ സബ്മിഷൻ. ജാതി സർട്ടിഫിക്കറ്റ് ലഭിക്കണമെങ്കിൽ രണ്ട് സാക്ഷികൾ വേണമെന്നുള്ള ഒരു നിബന്ധന നിലനിൽക്കുന്നുണ്ട്. സ്കൂൾ വിദ്യാഭ്യാസം പോലും ഇല്ലാത്ത ആൾക്കാർക്ക് ഇത്തരം സർട്ടിഫിക്കറ്റുകൾ പറ്റുമാക്കാൻ സാധിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. ഈ അവസരയിൽ വില്ലേജിൽ നിന്നുള്ള സർട്ടിഫിക്കറ്റ് കിട്ടാനായിട്ട് അവർക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. അതുകൊണ്ട് റേഷൻ കാർഡിൽ എസ്.ടി. എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ അത് കണക്കിലെടുത്തുകൊണ്ട് വില്ലേജിൽ നിന്ന് ജാതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് നൽകാൻ പരിഗണനയുണ്ടാകണമെന്നും പട്ടികവർഗ്ഗ കുടുംബാംഗങ്ങൾക്കും അതുപോലെ അവരുടെ ആധികാരിക രേഖയായി ഫോട്ടോ പതിച്ച ഐഡന്റിറ്റി കാർഡ് കൊടുത്ത് അവരെ ഇത്തരം കാര്യത്തിൽ സംരക്ഷിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : പട്ടികജാതി-പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സമുദായ സർട്ടിഫിക്കറ്റ് നൽകുന്നത് റവന്യൂ വകുപ്പാണ്. ഇതു സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതും സർട്ടിഫിക്കറ്റ് അനുവദിക്കുന്നതും ജാതി സംബന്ധിച്ച അവകാശവാദം പരിശോധിച്ച് തീരുമാനിക്കുന്നതും സമുദായ സർട്ടിഫിക്കറ്റ് നൽകാൻ അധികാരപ്പെടുത്തിയിട്ടുള്ള കോണ്ടിറ്റന്റ് അതോറിറ്റി എന്നുള്ള നിലയിൽ തഹസിൽദാർ നടത്തുന്ന പ്രാഥമിക അന്വേഷണത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly